പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 455 06-02-2014-ൽ മറുപടിയ്ക്ക്

സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിന്റെ ദുരുപയോഗം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ. എം.എ. ബേബി<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. എ. പ്രദീപ് കുമാർ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം സർക്കാരിന്റെ പ്രഖ്യാപിത നിലപാടുകൾക്ക് വിരുദ്ധമായും തെറ്റായി വ്യാഖ്യാനിച്ചും കള്ളക്കേസുകളുടെ പിൻബലത്തിലും യുവജന-വിദ്യാർത്ഥി പ്രവർത്തകർക്കു നേരെ പ്രയോഗിച്ചുവരുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; | (എ) നിയമത്തിലെ വ്യവസ്ഥകൾ ദുരുപയോഗം ചെയ്യുന്നതായുള്ള ചില പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ബി) രാഷ്ട്രീയ പ്രവർത്തകർക്കെതിരെ രാഷ്ട്രീയ സമരങ്ങളുടെ ഭാഗമായി എടുക്കപ്പെട്ട കേസുകളുടെ ബലത്തിൽ കാപ്പ നിയമം ദുർവിനിയോഗം ചെയ്യപ്പെടാതിരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിലെ വകുപ്പ് 3(1) പ്രകാരം കരുതൽ തടങ്കൽ ഉത്തരവും വകുപ്പ് 15(1) പ്രകാരം സഞ്ചലനനിയന്ത്രണ ഉത്തരവും പുറപ്പെടുവിക്കുന്നതിന് നടപടികൾ സ്വീകരിക്കുമ്പോൾ നിയമത്തിലെ വ്യവസ്ഥകളും മാനദണ്ഡങ്ങളും കർശനമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സംസ്ഥാന പോലീസ് മേധാവിക്കും ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (സി) നിയമത്തിനും സർക്കാർ ഉറപ്പുകൾക്കും വിരുദ്ധമായി പൊതുപ്രവർത്തകർക്കെതിരെ പ്രസ്തുത നിയമപ്രകാരം തെറ്റായ നിലയിൽ കേസുകൾ എടുക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാമോ; | (സി) നിയമത്തിൻ കീഴിൽ കരുതൽ തടങ്കൽ ഉത്തരവ്, സഞ്ചലന നിയന്ത്രണ ഉത്തരവ് എന്നിവ പുറപ്പെടുവിക്കുന്നതിന് മതിയായ കാരണമുണ്ടോ എന്നും ബന്ധപ്പെട്ട രക്ഷാവ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടുണ്ടോ എന്നുമുള്ള കാര്യം ഭരണഘടന പ്രകാരം രൂപീകരിക്കപ്പെടുന്ന റിട്ട. ഹൈക്കോടതി ജഡ്ജി ചെയർമാനായിട്ടുള്ള ഉപദേശക ബോർഡ് പരിശോധിക്കുന്നുണ്ട്. നിയമത്തിലെ വ്യവസ്ഥകൾ |

ദുരുപയോഗം ചെയ്ത് നടപടികൾ സ്വീകരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അത് തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഇത്തരത്തിൽ ആക്ഷേപങ്ങൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; ഈ നിയമത്തിലെ വ്യവസ്ഥകൾ ദുരുപയോഗം ചെയ്ത് ഏതെങ്കിലും യുവജന-വിദ്യാർത്ഥി പ്രവർത്തകനെ നാടുകടത്തുകയുണ്ടായോ?

(ഡി) കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിലെ വ്യവസ്ഥകൾ ദുരുപയോഗം ചെയ്യുന്നതായുള്ള ചില പരാതികൾ ലഭിച്ചിട്ടുണ്ട്. നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം അറിയപ്പെടുന്ന റൗഡി ആയോ, അറിയപ്പെടുന്ന ഗുണ്ട ആയോ കണക്കാക്കാവുന്ന ആളുകൾക്കെതിരെ മാത്രമാണ് കരുതൽ തടങ്കൽ ഉത്തരവ്, സഞ്ചലന നിയന്ത്രണ ഉത്തരവ് എന്നിവ പുറപ്പെടുവിക്കാവുന്നത്. നിയമത്തിലെ വകുപ്പ് 2(പി) ക്കു കീഴിലെ ക്ലിപ്ത നിബന്ധന പ്രകാരം, കുറ്റകരമാകാവുന്ന ഒരു പ്രവൃത്തിയിൽ പരസ്യമായ പ്രവർത്തനം കൂടാതെയുള്ള വെറും സാന്നിദ്ധ്യം കൊണ്ടോ ഒരു അംഗീകൃത രാഷ്ട്രീയ പാർട്ടിയിലെ അംഗമെന്ന നിലയിലുള്ള പൊതുവായ ഇടപെടൽ കൊണ്ടോ ഉണ്ടായിട്ടുള്ള സംഭവങ്ങൾ ഒരാൾ ഒരു അറിയപ്പെടുന്ന റൗഡി ആണെന്ന് തീരുമാനിക്കുന്നതിനായി കണക്കിലെടുക്കാവുന്ന കുറ്റങ്ങളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ രാഷ്ട്രീയ പാർട്ടി പ്രവർത്തകരാണ് എന്ന കാരണംകൊണ്ട് മാത്രം, സമൂഹസുരക്ഷയ്ക്കും പബ്ലിക് ഓർഡറിനും ഭീഷണിയായി നിരന്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ നടപടികളിൽ നിന്നും ഒഴിവാക്കുന്നതിന് നിയമത്തിൽ വ്യവസ്ഥയില്ല. നിയമത്തിലെ വ്യവസ്ഥകൾ ദുരുപയോഗം ചെയ്ത് വിദ്യാർത്ഥി യുവജന പ്രവർത്തകർക്കെതിരെ നടപടികൾ സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ